*പതിമൂന്നാം കേരള നിയമസഭ*

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7475          17.07.2012 ൽ മറുപടിയ്ക്ക്

## രാസവള സബ്സിഡി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>" സണ്ണി ജോസഫ്<br>" അൻവർ സാദത്ത്<br>" ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രാസവള സബ്സിഡി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല.<br>01.04.2010 ൽ കേന്ദ്രഗവൺമെന്റ് ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി (NBS) നടപ്പിലാക്കിയതു മുതൽ യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം കമ്പനികളിൽ നിക്ഷിപ്തമാണ്. ഉത്പാദനച്ചെലവിലുണ്ടാകുന്ന വർദ്ധനവനുസരിച്ച് കമ്പനികൾ രാസവളങ്ങളുടെ വില കൂട്ടുന്നു. NBS അനുസരിച്ച് എല്ലാ രാസവങ്ങൾക്കും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള സബ്സിഡി നിലവിൽ കമ്പനികൾക്ക് നേരിട്ട് നൽകുകയും സബ്സിഡി ഒഴിച്ചുള്ള വിലയ്ക്ക് രാസവളം പൊതുവിപണിയിൽ കർഷകർക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ കൃഷി ഭവൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ കാർഷിക പദ്ധതികളിൽ ഉത്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളം സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നുണ്ട്. |
| (ബി) | നിലവിൽ ഏത് ഏജൻസി വഴിയാണ് സബ്സിഡി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി അനുസരിച്ച് കേന്ദ്രസർക്കാർ രാസവളങ്ങൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി നിലവിൽ രാസവളകമ്പനികൾക്ക് നേരിട്ടാണ് നൽകുന്നത്.<br>സംസ്ഥാന പദ്ധതികളിൽ അനുവദിച്ചിട്ടുള്ള |

| | | |
|---|---|---|
| | | സബ്സിഡി കൃഷി ഭവനുകൾ വഴിയാണ് കർഷകർക്ക് നൽകുന്നത്. |
| **(സി)** | ഏതെല്ലാം കൃഷിക്കാർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്? | **(സി)** സംസ്ഥാനത്തെ എല്ലാ കർഷകർക്കും കേന്ദ്ര സബ്സിഡിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. സംസ്ഥാനപദ്ധതികളിൽപ്പെടുത്തിയുള്ള സബ്സിഡി അതതു പദ്ധതികളുടെ ഗുണഭോക്താക്കൾക്കാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ